# പതിമൂന്നാം കേരളനിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3921 15.12.2014 ന് മറുപടിയ്ക്ക്.

## പാമ്പുകടിയേറ്റ് ചികിത്സ തേടുന്നവർക്ക് ചികിത്സാ സഹായം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ബാബു.എം.പാലിശ്ശേരി | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ (വനവും, പരിസ്ഥിതിയും, ഗതാഗതവും, കായികവും, സിനിമയും വകുപ്പുമന്ത്രി) |

(എ) പാമ്പുകടിയേറ്റ് ചികിത്സ തേടുന്നവർക്ക് ചികിത്സാ ചെലവ് വനം വകുപ്പ് മുഖേന അനുവദിച്ചു കൊടുക്കുന്നതിന് വ്യവസ്ഥയുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ മാനദണ്ഡങ്ങളും വിശദാംശങ്ങളും വ്യക്തമാക്കാമോ;

(എ) ഉണ്ട്. പാമ്പുകടിയേറ്റ് ചികിത്സ തേടുന്നവർക്ക് ചികിത്സാ ചെലവ് അനുവദിക്കുന്നത് സംബന്ധിച്ച മാനദണ്ഡങ്ങളും വിശദാംശങ്ങളും ചുവടെ ചേർക്കുന്നു.

| കഷ്ടനഷ്ടങ്ങളുടെ സ്വഭാവം | നഷ്ടപരിഹാരത്തുക |
|---|---|
| പരിക്ക് | പരമാവധി 75,000/- രൂപ (മെഡിക്കൽ ഓഫീസറുടെ സർട്ടിഫിക്കറ്റിന്റെ വെളിച്ചത്തിൽ പട്ടിക വർഗ്ഗക്കാർക്ക് ചികിത്സക്ക് ചെലവായ മുഴുവൻ തുകയും ലഭിക്കും) |
| <u>പാമ്പുകടിയാലുള്ള ജീവഹാനി</u><br>1. വനത്തിനുള്ളിൽ (നിയമാനുസൃതം പ്രവേശിക്കുന്ന/താമസിക്കുന്ന വ്യക്തികൾക്ക്) | 5 ലക്ഷം രൂപ |
| 2. വനത്തിനു പുറത്ത് | 1 ലക്ഷം രൂപ |

പരിക്കിനുള്ള ചികിത്സാ സഹായം ഒരു വ്യക്തിക്ക് വർഷത്തിൽ പരമാവധി 4 തവണ വരെ ലഭിക്കുന്നതാണ്. സംഭവ തീയതി മുതൽ 3 മാസത്തിനകം അപേക്ഷകൻ നിശ്ചിത ഫോറത്തിലുള്ള അപേക്ഷ, സ്ഥലത്ത് അധികാര പരിധിയുള്ള റെയിഞ്ച് ഫോറസ്റ്റാഫീസർക്ക് /അസിസ്റ്റന്റ് വൈൽഡ് ലൈഫ് വാർഡന് സമർപ്പിക്കേണ്ടതാണ്.

(ബി) വയലുകളിലും മറ്റും പണിയെടുക്കുന്ന പാവപ്പെട്ട തൊഴിലാളികൾക്കാണ് മിക്കപ്പോഴും പാമ്പുകടിയേൽക്കുന്നത് എന്നത് കണക്കിലെടുത്ത് ഇവരുടെ ചികിത്സാ ചെലവ് വനം വകുപ്പ് വഹിക്കുന്നതിന് നടപടി സ്വീകരിക്കുമോ; സ്വീകരിക്കുമെങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

(ബി) ഇത്തരത്തിലുള്ള തൊഴിലാളികളുടെ കാര്യത്തിലും നിലവിൽ ഉത്തരം 'എ'യിൽ പരാമർശിച്ച വ്യവസ്ഥകളുടെ അടിസ്ഥാനത്തിലാണ് ചികിത്സാ ചെലവിനുള്ള നഷ്ടപരിഹാരം അനുവദിക്കുന്നത്.

സെക്ഷൻ ഓഫീസർ